DESPATCHED
On 28/2/23

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 635,636,637*(2)/2021*/*എസ്.ഐ.സി***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **6014,6026,6130**/*എസ്.ഐ.സി-ജി 6/21*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീമതി നിഷ ജയിംസ് പടിയറ,**
**കെ.പി.റ്റി. സുധിൻ ഭവൻ,**
**ഐവർകാല വെസ്റ്റ്-നോർത്ത്,**
**പുത്തനമ്പലം പി.ഒ., പിൻ – 691 553,**
**കൊല്ലം ജില്ല.** } **അപ്പീൽ ഹർജിക്കാരി**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
**സെന്റ് ഗ്രിഗോറിയോസ് കോളേജ്, പുലമൺ പി.ഒ.,**
**കൊട്ടാരക്കര, കൊല്ലം ജില്ല,**
**പിൻ – 691 531.**

2. **അപ്പീൽ അധികാരി&**
**പ്രിൻസിപ്പാൾ**
**സെന്റ് ഗ്രിഗോറിയോസ് കോളേജ്, പുലമൺ പി.ഒ.,**
**കൊട്ടാരക്കര, കൊല്ലം ജില്ല,**
**പിൻ – 691 531.**

} **എതിർകക്ഷികൾ**

## ഉത്തരവ്

അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷകൾക്കും ഒന്നാം അപ്പീലുകൾക്കും യാതൊരു മറുപടിയും ലഭ്യമായില്ലെന്നാണ്.

2. 17.02.2023ന് ഒന്നാം എതിർകക്ഷി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, കൊട്ടാരക്കര സെന്റ് ഗ്രിഗോറിയോസ് കോളേജിന്റെ വിവരാവകാശ ഓഫീസറായി ഡോ.റിനു സാം എസ്. ചുമതലയേറ്റത് 2022-23 അധ്യയന വർഷമാണെന്നും (ജൂൺ 2022) AP No.635,636,637(2)/2021/SIC

എന്നീ അപേക്ഷകളുടെ കാലാവധിയിലെ വിവരാവകാശ ഓഫീസർ ഡോ.ജോൺ പണിക്കറിന്റെ (Rtd Associate Professor) വിവരാവകാശ ഫയലിലെ രേഖകൾ പരിശോധിച്ചപ്പോൾ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ള നം.എസ്. ജിസി/ആർ/ടി/ഐ 3/2021 dt 29.07.21 എന്ന ഒരു കത്ത് മാത്രമേ കണ്ടെത്തുവാനായി സാധിച്ചിട്ടുള്ളുവെന്നാണ്. ആയതിനാൽ പ്രസ്തുത കത്തിന്റെ കോപ്പിയും ടി കത്ത് രജിസ്റ്റേർഡ് തപാലിൽ കമ്മീഷനിലേയ്ക്ക് അയച്ചു നൽകിയിട്ടുള്ള രേഖകളും ഇതോടൊപ്പം സമർപ്പിക്കുന്നുവെന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ വിവരാവകാശ നിയമം 6(1) പ്രകാരമുള്ള അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും യാതൊരു മറുപടിയും നൽകിയിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. ഇപ്രകാരം വിവരാകാശ നിയമലംഘനം നടത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കാണുന്നതിനാൽ പ്രസ്തുത എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന് കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

4. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ഫെബ്രുവരി 22-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/